ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE : 10.02.2025

പ്രധാന വാർത്തകൾ

TIME : 12.50 PM

1. ജീവിതത്തിലെ എല്ലാ വെല്ലുവിളികളും സധൈര്യം നേരിടണമെന്ന് വിദ്യാർത്ഥികളോട്, പരീക്ഷാ പേ ചർച്ചയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi urged the students to courageously face the life challenges while interacting with students in the eighth edition of the popular interactive program 'Pariksha Pe Charcha' in New Delhi.**

2. പ്രധാനമന്ത്രിയുടെ ഫ്രാൻസ്-യുഎസ് സന്ദർശനത്തിന് ഇന്ന് തുടക്കം. പാരീസിൽ നടക്കുന്ന എ.ഐ ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും.

   **Prime Minister to embark on a landmark diplomatic tour to France and the US today; to co-chair AI Action Summit 2025 with French President Emmanuel Macron in Paris.**

3. എയ്റോ ഇന്ത്യ 2025 - വ്യോമാഭ്യാസ പ്രദർശനത്തിന്റെ ഉദ്ഘാടനം രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ് ബംഗളൂരുവിൽ നിർവഹിച്ചു.

   **Defence Minister Rajnath Singh inaugurated the Asia's biggest Aero India show in Bengaluru today.**

4. പാർലമെന്റിന്റെ ഇരുസഭകളിലും നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. കിഫ്ബി വിഷയത്തിൽ നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്.

   **Proceedings in progress in both the houses of Parliament. Opposition walkout in Kerala Assembly over KIIFB issue.**

5. **ഐ.എസ്.എൽ ഫുട്ബോളിൽ ഒഡീഷ ഇന്ന് പഞ്ചാബ് എഫ്.സിയെ നേരിടും.**

**In ISL, Odisha will take on Punjab FC today.**

*******************************************************

## PARIKSHA PE CHARCHA EARLY (INTRO)

ജീവിതത്തിലെ എല്ലാ വെല്ലുവിളികളും സധൈര്യം നേരിടണമെന്ന് പരീക്ഷാ പേ ചർച്ചയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി. സമ്മർദ്ദം അതിജീവിച്ച് പരീക്ഷകൾക്കായി തയ്യാറെടുക്കണമെന്ന് അദ്ദേഹം വിദ്യാർത്ഥികളോട് പറഞ്ഞു. പരീക്ഷാ തയ്യാറെടുപ്പ്, സമ്മർദ്ദം അതിജീവിക്കൽ, വ്യക്തിഗത വികാസം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളുമായും, രക്ഷാതാക്കളുമായും, അധ്യാപകരുമായും ആശയങ്ങൾ പങ്കുവയ്ക്കുന്ന പരീക്ഷാ പേ ചർച്ചയുടെ എട്ടാം പതിപ്പിൽ സംവദിക്കുകയായിരുന്നു അദ്ദേഹം.

(വോയ്സ്)

പഠനത്തിൽ അറിവ് ആർജിക്കുന്നതിനോടൊപ്പം ആരോഗ്യം പരിരക്ഷിക്കുന്നതിനും ഏറെ പ്രാധാന്യമുണ്ട്. പോഷകാഹാരം, ശരിയായ ഉറക്കം തുടങ്ങിയവയുടെ പ്രാധാന്യത്തെക്കുറിച്ചും പ്രധാനമന്ത്രി വിദ്യാർത്ഥികൾക്ക് നിർദ്ദേശങ്ങൾ നൽകി. മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ മറ്റ് കുട്ടികളുമായി താരതമ്യം ചെയ്യരുതെന്നും ശ്രീ.നരേന്ദ്രമോദി പറഞ്ഞു. പുതുക്കിയ ഘടനയിൽ, എട്ട് ഭാഗങ്ങളായാണ് ഇത്തവണ പരീക്ഷാ പേ ചർച്ച സംഘടിപ്പിച്ചത്. പ്രധാനമന്ത്രിയുമായി നേരിട്ട് സംവദിക്കാൻ 36 വിദ്യാർത്ഥികൾക്കാണ് അവസരം ലഭിച്ചത്. സ്കൂളുകളിൽ പരിപാടിയുടെ തത്സമയ പ്രദർശനവും ഒരുക്കിയിരുന്നു.

*******************************************************

## PM MODI VISIT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഫ്രാൻസ്-അമേരിക്ക സന്ദർശനത്തിന് ഇന്ന് തുടക്കം. ഇരുരാജ്യങ്ങളുമായുള്ള നയതന്ത്ര, സാമ്പത്തിക, സാങ്കേതിക പങ്കാളിത്തം മെച്ചപ്പെടുത്തുക ലക്ഷ്യമിട്ടാണ് സന്ദർശനം. പാരിസിൽ നടക്കുന്ന മൂന്ന് ദിവസത്തെ എ.ഐ ഉച്ചകോടിയ്ക്ക് ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവേൽ മാക്രോണ്ണൊപ്പം ശ്രീ മോദി ഇന്ന് സംയുക്ത അധ്യക്ഷത വഹിക്കും. 100 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുന്ന ഉച്ചകോടിയിൽ, നിർമിത ബുദ്ധി ഉപയോഗത്തിലെ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ, ഉത്തരവാദിത്തത്തോടെയുള്ള എ.ഐ ഉപയോഗം എന്നിവ സംബന്ധിച്ച നിർണായ ചർച്ചകൾ നടക്കും. മാർസേയിലെ ഇന്ത്യൻ കോൺസുലേറ്റിന്റെ ഉദ്ഘാടനവും ശ്രീ നരേന്ദ്ര മോദി നിർവഹിക്കും. ഫ്രാൻസ് സന്ദർശനം പൂർത്തിയാക്കി ശ്രീ മോദി മറ്റന്നാൾ അമേരിക്കയിലെത്തും. നിർണായക ചർച്ചകളും, ഉഭയകക്ഷി കൂടിക്കാഴ്ചകളും സന്ദർശനത്തിന്റെ ഭാഗമായി നടക്കും.

*****************************************************

## AERO INDIA SHOW (INTRO)

മെച്ചപ്പെട്ട ലോകക്രമത്തിനായി പ്രവർത്തിക്കാൻ, ശക്തമായ രാജ്യത്തിന് മാത്രമേ സാധിക്കുകയുള്ളൂ എന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ്. 15-ാമത് എയ്റോ ഇന്ത്യ 2025 - വ്യോമാഭ്യാസ പ്രദർശനം ബംഗളൂരുവിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അന്താരാഷ്ട്ര അനിശ്ചിതാവസ്ഥകൾക്കിടയിലും സമാധാനത്തിനും സുസ്ഥിരതയ്ക്കും വേണ്ടിയാണ് ഇന്ത്യ നിലകൊള്ളുന്നതെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ പ്രതിരോധ ശേഷി ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കാനുള്ള വേദിയാണ് എയ്റോ ഇന്ത്യയെന്നും ശ്രീ രാജ്നാഥ് സിങ്ങ് വ്യക്തമാക്കി.

**(ഹോൾഡ്)**

ഏഷ്യയിലെ ഏറ്റവും വലിയ എയ്റോ ഷോയായ എയ്റോ ഇന്ത്യ ഈ മാസം 14 വരെ യെലഹങ്കയിലെ വ്യോമ താവളത്തിലാണ് നടക്കുന്നത്. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച തേജസ് യുദ്ധവിമാനം, പ്രചണ്ഡ് ഹെലികോപ്റ്റർ, തുടങ്ങിയവ വ്യോമാഭ്യാസ പ്രദർശനത്തിൻറെ ഭാഗമാവും. എയ്റോ ഇന്ത്യയോടനുബന്ധിച്ച് നടക്കുന്ന പ്രതിരോധ മന്ത്രിമാരുടെ കോൺക്ലേവിൽ 30 രാജ്യങ്ങൾ പങ്കെടുക്കും. 43 രാജ്യങ്ങളിൽ നിന്നുള്ള വ്യോമസേനാ മേധാവിമാരും എയ്റോ ഇന്ത്യയുടെ ഭാഗമാവും. 'ശതകോടി അവസരങ്ങളിലേക്കുള്ള റൺവേ' എന്നതാണ് ഇത്തവണത്തെ എയ്റോ ഷോയുടെ പ്രമേയം. വ്യാഴം, വെള്ളി ദിവസങ്ങളിൽ പൊതുജനങ്ങൾക്ക് പ്രദർശനം കാണാൻ അവസരമുണ്ട്.

*****************************************************

## PARLIAMENT

പാർലമെന്റിന്റെ ഇരുസഭകളിലും നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. കേന്ദ്ര ബജറ്റിന്മേലുള്ള ചർച്ചകൾ ഇരുസഭയിലും ഇന്ന് നടക്കും.

*****************************************************

## PARLIAMENT – C R PATIL

സ്വച്ഛ് ഭാരത് ദൗത്യത്തിലൂടെ 12 കോടി ശൗചാലയങ്ങൾ നിർമിച്ചത്, മൂന്ന് ലക്ഷം കുട്ടികളെ സംരക്ഷിക്കാൻ സഹായിച്ചതായി കേന്ദ്ര ജൽശക്തിമന്ത്രി സി.ആർ പാട്ടീൽ. ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെ ജീവിതം മെച്ചപ്പെടുത്താനും പദ്ധതി സഹായിച്ചു. രാജ്യത്തെ 5 ലക്ഷം ഗ്രാമങ്ങളെ വെളിയിട വിസർജ്ജന രഹിതമാക്കാൻ ദൗത്യം സഹായിച്ചതായും അദ്ദേഹം രാജ്യസഭയിൽ ചോദ്യോത്തര വേളയിൽ പറഞ്ഞു.

*****************************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.

(ബ്രേക്ക്)

*************************************************

## NIYAMASABHA – WALKOUT

കിഫ്ബിയുടെ പ്രവർത്തനം താളംതെറ്റിയതായി ചൂണ്ടിക്കാട്ടി പ്രതിപക്ഷം കൊണ്ടുവന്ന ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട്, പ്രതിപക്ഷത്തു നിന്ന് റോജി എം ജോൺ ആണ് നോട്ടീസ് നൽകിയത്. കിഫ്ബി പരാജയപ്പെട്ട മാതൃകയാണെന്നും, ഇതിലൂടെയുള്ള നിരവധി പദ്ധതികൾ മുടങ്ങിക്കിടക്കുകയാണെന്ന് പ്രതിപക്ഷം ആരോപിച്ചു. കിഫ്ബി റോഡുകളിൽ ടോൾ പിരിക്കാനുള്ള നീക്കം പ്രതിഷേധാർഹമാണെന്ന് പ്രതിപക്ഷനേതാവ് വി.ഡി സതീശൻ പറഞ്ഞു. എന്നാൽ കിഫ്ബി പ്രവർത്തനങ്ങളെ തകർക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നതെന്ന് മന്ത്രി കെ.എൻ.ബാലഗോപാൽ മറുപടി നൽകി. 18,423 കോടി രൂപയുടെ പദ്ധതികൾ ഇതിനകം കിഫ്ബി വഴി പൂർത്തിയാക്കിയതായും, 140 മണ്ഡലങ്ങളിലും ഇതിലൂടെ അടിസ്ഥാന സൌകര്യ വികസനം പൂർത്തീകരിച്ചു വരികയാണെന്നും മന്ത്രി പറഞ്ഞു. മന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിക്കുകയായിരുന്നു. ബജറ്റിന്മേലുള്ള ചർച്ചകൾ നിയമസഭയിൽ ഇന്ന് നടക്കും.

*************************************************

## MAHAKUMBH - PRESIDENT

മഹാകുംഭമേളയിൽ പങ്കെടുത്ത് രാഷ്ട്രപതി ദ്രൗപദി മുർമു. പ്രയാഗ്‌രാജിലെത്തിയ രാഷ്ട്രപതി ത്രിവേണി സംഗമത്തിൽ പുണ്യസ്നാനം നടത്തി. യു പി ഗവർണർ ആനന്ദി ബെൻ പട്ടേൽ, മുഖ്യമന്ത്രി യോഗി ആദിത്യനാഥ് എന്നിവർ രാഷ്ട്രപതിയ്ക്ക് ഒപ്പമുണ്ടായിരുന്നു. ത്രിവേണി സംഗമത്തിൽ ബോട്ട് യാത്ര നടത്തിയ രാഷ്ട്രപതി പ്രയാഗ്‌രാജിലെ ഹനുമാൻ ക്ഷേത്രം, അക്ഷയ്‌വട് എന്നിവിടങ്ങളും സന്ദർശിച്ചു. ഡിജിറ്റൽ മഹാകുംഭ് എക്സ്പീരിയൻസ് സെൻററിലെത്തി മഹാകുംഭമേളയും ശ്രീമതി മുർമു വീക്ഷിച്ചു.

********************************************************

## MAHAKUMBH-RAILWAY

മാഘി പൂർണിമ സ്നാനത്തിന് മുന്നോടിയായി പ്രയാഗ്‌രാജ് റെയിൽവേ സ്റ്റേഷനിലെ ക്രമീകരണങ്ങൾ വിലയിരുത്തി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. മഹാ കുംഭമേള യോടനുബന്ധിച്ച് മേഖലയിലെ എട്ട് റെയിൽവേ സ്റ്റേഷനുകളിൽ വിപുലമായ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് അദ്ദേഹം അറിയിച്ചു.

********************************************************

## INDIA-IPHONE EXPORT

ഒരു ലക്ഷം കോടി രൂപയുടെ ഐഫോൺ കയറ്റുമതി എന്ന നേട്ടം ഈ സാമ്പത്തിക വർഷത്തിൽ ആദ്യമായി ഇന്ത്യ കൈവരിച്ചതായി മന്ത്രി അശ്വിനി വൈഷ്ണവ്. കേന്ദ്ര സർക്കാരിൻറെ ഉത്പാദനാധിഷ്ഠിത പാരിതോഷിക പദ്ധതിയിലൂടെയാണ് ഇത് സാധ്യമായതെന്നും അദ്ദേഹം വ്യക്തമാക്കി. അടുത്ത സാമ്പത്തിക വർഷം സ്മാർട്ട്ഫോൺ കയറ്റുമതി 2.25 ലക്ഷം കോടി രൂപ കടക്കുമെന്ന് പ്രതീക്ഷിക്കുന്നതായും മന്ത്രി പറഞ്ഞു.

********************************************************

## CHHATTISGARH-MAOISTS KILLED

ഛത്തീസ്ഗഢിലെ ബിജാപൂർ ജില്ലയിൽ ഇന്നലെ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട മാവോയിസ്റ്റുകളുടെ എണ്ണം മുപ്പത്തിയൊന്ന് ആയി. എല്ലാ മൃതദേഹങ്ങളും കണ്ടെടുത്തിട്ടുണ്ട്. ഏറ്റുമുട്ടലിൽ രണ്ട് സുരക്ഷാ ഉദ്യോഗസ്ഥരും വീരമൃത്യു വരിച്ചിരുന്നു.

*****************************************

## NATIONAL DE-WORMING DAY

ഇന്ന് ദേശീയ വിരവിമുക്ത ദിനം. കുട്ടികളിൽ വിളർച്ച, പോഷകാഹാരക്കുറവ് തുടങ്ങിയവയ്ക്ക് കാരണമാകുന്ന വിരബാധയെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനാണ് ദിനാചരണം. ഒന്ന് മുതൽ 14 വയസ്സ് വരെ പ്രായമുള്ള കുട്ടികളിലാണ് വിരബാധയ്ക്കുള്ള കൂടുതൽ സാധ്യത. ദിനാചരണത്തിന്റെ ഭാഗമായി രാജ്യത്തുടനീളമുള്ള അംഗൻവാടികളും സ്കൂളുകളും കേന്ദ്രീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങളും ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

*****************************************

## ISL

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ഇന്ന് ഒഡീഷ - പഞ്ചാബ് എഫ് സിയെ നേരിടും. രാത്രി 07.30 ന് ഒഡീഷയിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം.

*****************************************

## NATIONAL GAMES

ഉത്തരാഖണ്ഡിൽ നടക്കുന്ന 38-ാമത് ദേശീയ ഗെയിംസിൽ സർവീസസ് ഒന്നാം സ്ഥാനത്ത് തുടരുന്നു. കർണാടക രണ്ടാമതും മഹാരാഷ്ട്ര മൂന്നാമതുമാണ്. 41 മെഡലുകളുമായി കേരളം ഒൻപതാം സ്ഥാനത്താണ്.

*****************************************

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 658 പോയിന്റ് ഇടിഞ്ഞ് 77,202 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 211 പോയിന്റ് നഷ്ടത്തിൽ 23,348 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവില കൂടി. പവന് 280 രൂപ വർധിച്ച് 63,840 രൂപയും ഗ്രാമിന് 7,980 രൂപയുമാണ് ഇന്നത്തെ വില.

*****************************************

## TRUMP- NEW TARIFFS

നിലവിലുള്ള ലോഹ തീരുവകൾക്ക് പുറമേ, അമേരിക്കയിലേക്കുള്ള എല്ലാ സ്റ്റീൽ, അലുമിനിയം ഇറക്കുമതികൾക്കും 25 ശതമാനം അധിക തീരവ ഏർപ്പെടുത്തുമെന്ന് യുഎസ് പ്രസിഡൻറ് ഡൊണാൾഡ് ട്രംപ്. കാനഡ, ബ്രസീൽ, മെക്സിക്കോ എന്നീ രാജ്യങ്ങളിൽ നിന്നാണ് അമേരിക്കയിലേക്ക് ഉരുക്കും, അലൂമിനിയവും ഏറ്റവുമധികം ഇറക്കുമതി ചെയ്യുന്നത്.

*********************************************************************************

***********************************